HOD-LOBG

2765
9/06

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വസ്തു നികുതി - സേവനത്തിലിരിക്കവെ ഏറ്റുമുട്ടലിൽ അംഗവൈകല്യം സംഭവിച്ച ജവാൻമാർ/മരിച്ചുപോയ ജവാൻമാരുടെ വിധവകൾ - വീടുകൾക്ക് വസ്തുനികുതി അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ.(എം.എസ്) നം. 146/08/തസ്വഭവ.    തിരുവനന്തപുരം, തീയതി 28-05-2008

---

പരാമർശം:-
1. 01-01-2005-ലെ ജി.ഒ.(എം.എസ്) നം.3/05/തസ്വഭവ നമ്പർ ഉത്തരവ്
2. 23-4-2005 ലെ ജി.ഒ.(എം.എസ്)നം.111/05/തസ്വഭവ നമ്പർ ഉത്തരവ്
3. 21-11-2005-ലെ ജി.ഒ.(എം.എസ്) 344/05/തസ്വഭവ നമ്പർ ഉത്തരവ്.
4. 28-2-2006-ലെ ജി.ഒ.(എം.എസ്)നം.67/06/തസ്വഭവ നമ്പർ ഉത്തരവ്.
5. 17-3-2007 ലെ പഞ്ചായത്ത് ഡയറക്ടറുടെ സി.3-9204/07/നമ്പർ കത്ത്.
6. 24-4-2007-ലെ നഗരകാര്യ ഡയറക്ടറുടെ ജി.1-5012/07 നമ്പർ കത്ത്.
7. 1-4-2008-ലെ കൺസർട്ടേറ്റീവ് കമ്മിറ്റി തീരുമാനം.

## ഉത്തരവ്

വിമുക്തഭടന്മാരെയും, അവരുടെ വിധവകളുടെയും, യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന വീടുകളെ, വസ്തു നികുതി അടയ്ക്കുന്നതിൽ നിന്നും 1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്ടിലെ വ്യവസ്ഥകൾ പ്രകാരം, 2004-05 അർദ്ധ വർഷം മുതൽ ഒഴിവാക്കികൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പരാമർശം (2) പ്രകാരം മേൽ സർക്കാർ ഉത്തരവിന്റെ ആനുകൂല്യം പഞ്ചായത്ത് പ്രദേശങ്ങളിൽ താമസിക്കുന്ന വിമുക്തഭടൻമാർക്കും അവരുടെ വിധവകൾക്കും കൂടി ബാധകമാക്കികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു.

വിമുക്തഭടന്മാർ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന സ്വന്തം പേരിലുള്ളതോ അവരുടെ ഭാര്യയുടെ പേരിലുള്ളതോ ആയ വീടുകളെ 2004-05 രണ്ടാം അർദ്ധ വർഷം മുതൽ കെട്ടിട നികുതി (വസ്തു നികുതി)യിൽ നിന്നും ഒഴിവാക്കികൊണ്ടും ഇപ്രകാരമുള്ള ആനുകൂല്യം ഒരു വിമുക്തഭടന് ഒരു വീടിന് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളു എന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് പരാമർശം 3-ഉം 4-ഉം പ്രകാരം ഉത്തരവായിട്ടുണ്ട്.

എന്നാൽ മേൽ സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദിച്ച ആനുകൂല്യങ്ങൾ ദുരുപയോഗം ചെയ്യുന്നതായും പലരും ഒന്നിലധികം വീടുകൾക്ക് ഈ ആനുകൂല്യം പ്രയോജനപ്പെടുത്തുന്നുണ്ടെന്നും, ആഢംബര കെട്ടിടങ്ങൾക്കും, കെട്ടിടത്തിന്റെ വലിപ്പം കണക്കാക്കാതെ വീട്ടുനികുതി ഒഴിവാക്കി നൽകുന്നുണ്ടെന്നും ഇതുമൂലം നഗരസഭകൾക്കും, പഞ്ചായത്തുകൾക്കും നഷ്ടം സംഭവിക്കുന്നതിനാൽ ഇത്തരം ദുരുപയോഗം തടയുന്നതിന് നിലവിലെ ഉത്തരവിൽ ഭേദഗതി പരാമർശം (5) (6) പ്രകാരം പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വസ്തുനികുതി ഒഴിവ് വ്യാപകമായി ദുരുപയോഗം ചെയ്യപ്പെടുന്ന സാഹചര്യത്തിൽ വസ്തു നികുതി ഇളവ് താഴെ പ്പറയുന്ന വിഭാഗക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തി പരാമർശത്തിലെ സർക്കാർ ഉത്തരവുകളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(1) സേവനത്തിലിരിക്കവെ ഏറ്റുമുട്ടലിൽ അംഗവൈകല്യം സംഭവിച്ച ജവാൻമാർ

(2) സേവനത്തിലിരിക്കവെ ഏറ്റുമുട്ടലിൽ മരിച്ചുപോയ ജവാന്മാരുടെ വിധവകൾ.

മേൽപ്പറഞ്ഞ വിഭാഗക്കാർ സ്വന്തം താമസത്തിന് ഉപയോഗിക്കുന്നതും, 2000 ചതുരശ്ര അടി കവിയാത്ത തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് മാത്രമാണ് ഇതു പ്രകാരം നികുതിയിളവിന് അർഹരാകുന്നത്.

ടി ഉത്തരവിന് 1-4-2008 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
ജി.ശ്രീകുമാർ
ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
എല്ലാ മേയർമാർക്കും/മുനിസിപ്പൽ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഐ.കെ.എം, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെയും, മറ്റ് സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിനും)
പബ്ലിക് റിലേഷൻസ്ഡയറക്ടർ (പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റിക്ക്)
പൊതുഭരണ (സൈനികക്ഷേമ) വകുപ്പ്

പകർപ്പ്:- തദ്ദേശസ്വയംഭരണവകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണവകുപ്പു പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണവകുപ്പു സെക്രട്ടറിയുടെ പി.എയ്ക്ക്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ